(ബി) പമ്പാമെയിൻ പാർക്കിംഗ് ഗ്രൗണ്ട്, പമ്പാ ഹിൽടോപ്പ്, ചക്കുപാലം, ത്രിവേണി, ചാലക്കയം, ചിന്നക്കയം, കൂപ്പുറോഡ്, പോപ്പ്സൺ കൂപ്പ്റോഡ്, നിലയ്ക്കൽ, പ്ളാപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു പാർക്കിംഗ് ഏർപ്പെടുത്തിയിരുന്നത്.

(സി) വാഹനം പാർക്ക് ചെയ്യുന്ന നിലയ്ക്കലിനും പമ്പക്കും ഇടയിലായി കെ. എസ്. ആർ. ടി. സി. "ചെയിൻസർവ്വീസ്" ഏർപ്പെടുത്തിയിരുന്നു.

(ഡി) ഗതാഗതക്കുരുക്ക് ഒഴിവാക്കാനായിരുന്നു തീർത്ഥാടകരുടെ വലിയ വാഹനങ്ങൾ പമ്പവരെ വരുന്നത് ഒഴിവാക്കിയത്.

(ഇ—ജി) കുടിവെള്ള വിതരണത്തിൽ മുടക്കം വന്നിട്ടില്ല എങ്കിലും നിലവിലുള്ള ക്രമീകരണങ്ങൾ വിപുലപ്പെടുത്തുവാൻ കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) ഗതാഗതക്കുരുക്കുമൂലം തീർത്ഥാടകർക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കാനും തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താനുമാണ് പോലീസ് വകുപ്പ് പാർക്കിംഗ് ക്രമീകരിക്കുന്നത്.

വടകര ഓർക്കട്ടേരി ക്ഷേത്രത്തിലെ ഉത്സവ ചടങ്ങ്

77 [3803] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, കെ. എ. ചന്ദ്രൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ഓർക്കട്ടേരി ക്ഷേത്രത്തിലെ ഉത്സവ ചടങ്ങിന് ദേവിക്ക് ചാർത്താനുള്ള പുടവ കായക്കൊടി മുസ്ലീം തറവാട്ടിൽനിന്ന് കൊടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കൊടുക്കുന്ന പുടവ മുസ്ലീം വനിതകൾ അണിയുന്ന കാച്ചിയാണോ;

(സി) ഹിന്ദു-മുസ്ലീം സൗഹാർദ്ദത്തിന്റെ മഹത്വം കാണിക്കുന്ന ഈ ഏർപ്പാടിന് പ്രചാരണം കൊടുക്കാനുദ്ദേശമുണ്ടോ;

(ഡി) വടകരയിൽ ഇതൊരു വലിയ ആഘോഷമാക്കുവാൻ വേണ്ട ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) വടകര ഓർക്കട്ടേരി ക്ഷേത്രം എച്ച്.ആർ. ആന്റ് സി. ഇ. വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന ക്ഷേത്രമല്ല; അതിനാൽ വിശദ വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി—ഡി) ഉദിക്കുന്നില്ല.

ക്ഷേത്രങ്ങളിൽ തമിഴിൽ എഴുതിയ ബോർഡുകളും അറിയിപ്പുകളും സ്ഥാപിക്കാൻ നടപടി

78 [3804] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേത്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ ശ്രീകുരുംബ ഭഗവതി ക്ഷേത്രം, തിരുവഞ്ചിക്കുളം ക്ഷേത്രം എന്നിവിടങ്ങളിൽ എത്തുന്ന ഭക്തരിൽ നല്ലൊരു ശതമാനവും തമിഴ്നാട്ടു കാരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കുവേണ്ടി പ്രത്യേകമായി എന്തെങ്കിലും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ക്ഷേത്രങ്ങളിൽ തമിഴിൽ എഴുതിയ ബോർഡുകളും, അറിയിപ്പുകളും സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഇവർക്കു മാത്രമായി പ്രത്യേക സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ദർശനം, വഴിപാട്, വിശ്രമം എന്നിവ സംബന്ധിച്ച് ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം തമിഴിൽ എഴുതിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങൾക്ക് എച്ച്.ആർ. ആന്റ് സി. മുഖേന സാമ്പത്തിക സഹായം

79 [3805] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേത്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് എച്ച്. ആർ. ആന്റ് സി. കമ്മീഷൻ മുഖേന സാമ്പത്തിക സഹായം നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ ഇത്തരം സാമ്പത്തിക സഹായം നൽകുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റും അവസാനം ഓരോ ക്ഷേത്രത്തിനും നൽകിയ സഹായധനവും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) മേൽ സാമ്പത്തിക സഹായം നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly